എ2- 698 / 2020

ഇ കെ എൻ എം ഗവ കോളേജ് എളേരിത്തട്ട്
ഇമെയിൽ:eknmgce.dce@kerala.gov.in
ഫോൺ:04672241345
തീയ്യതി:19-06-2020

# ക്വട്ടേഷൻ നോട്ടീസ്

ഇ.കെ.എൻ.എം ഗവ: കോളേജ്, എളേരിത്തട്ട് കാന്റീൻ 2020 - 2021 അധ്യയന വർഷത്തേക്ക് ഏറ്റെടുത്ത് നടത്തുന്നതിന് അംഗീകാരം ലഭിച്ച കുടുംബശ്രീ യൂണിറ്റുകളിൽ നിന്നോ, പരിചയസമ്പന്നരായ വ്യക്തികളിൽ നിന്നോ, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച കവറിൽ അടക്കം ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു .

കാന്റീൻ കെട്ടിടത്തിന്റെ വാടക കാന്റീൻ നടത്തിപ്പിനുപയോഗിക്കുന്ന വെള്ളത്തിന്റെയും വൈദ്യുതിയുടെയും ചെലവ് എന്നിവ നടത്തിപ്പുകാർ തന്നെ വഹിക്കേണ്ടതാണ്. കാന്റീനുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും പെരുമാറ്റത്തിന് /നല്ലനടപ്പിനുള്ള പൂർണ ഉത്തരവാദിത്തം കാന്റീൻ നടത്തിപ്പുകാരുടേതായിരിക്കും.കാന്റീനിലുള്ള സർക്കാർ സാമഗ്രികൾ കരാറുകാരൻ രേഖാമൂലം ഏറ്റെടുത്ത് നിശ്ചിത തീയതിക്ക് തന്നെ കാന്റീൻ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.കാന്റീൻ പ്രവർത്തന കാലയളവ് ഈ അധ്യയന വര്‍ഷം ക്ലാസുകൾ ആരംഭിക്കുന്ന ദിവസം മുതൽ 2021 മാർച്ച് 31 വരെയായിരിക്കും. കാന്റീനിലുള്ള കോളേജ് വക സാധനങ്ങൾ കാലാവധി തീരുന്ന ദിവസമായ 31/03/2021 ന തന്നെ തിരിച്ചേൽപ്പിക്കേണ്ടതും അന്ന് തന്നെ കാന്റീൻ ഒഴിഞ്ഞുതരേണ്ടതുമാണ്.ഉപകരണങ്ങൾക്കോ സാധനസാമഗ്രികൾക്കോ ഉണ്ടാകുന്ന കേടുപാടുകൾക്കും കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ പൂർണ ഉത്തരവാദി ആയിരിക്കും. ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ അവയിൽ പറഞ്ഞിരിക്കുന്ന അളവിലും തൂക്കത്തിലും വിലയിലും നൽകേണ്ടതാണ്. സാധനങ്ങളുടെ വിലവിവരണം എല്ലാവർക്കും കാണുവാൻ പറ്റുംവിധം എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. മേൽപറഞ്ഞ നിബന്ധനകൾ പൂർണ്ണമായോ ഭാഗികമായോ ലംഗിക്കപ്പെടുകയാണെങ്കിൽ കാന്റീൻ നടത്തിപ്പിനുള്ള അനുവാദം പിൻവലിക്കാനുള്ള പൂർണ അധികാരം പ്രിൻസിപ്പാളിന് ഉണ്ടായിരിക്കും.

മേൽപറഞ്ഞ നിബന്ധനകൾക്ക് വിധേയമായി താഴെപറയുന്ന ഭക്ഷണസാധനങ്ങൾ നിർദ്ദേശിക്കുന്ന അളവിലും തൂക്കത്തിലും എന്തുവിലയ്ക്ക് വിതരണം ചെയ്യാമെന്ന് ക്വട്ടേഷനിൽ കാണിച്ചിരിക്കണം.

| ക്രമ നമ്പർ | സാധനവിവരം | അളവ് / തൂക്കം | വിലവിവരം |
|---|---|---|---|
| 1. | ചായ | 150മി.ലി | |
| 2. | കാപ്പി | 150മി.ലി | |
| 3. | ബോണ്ട | 80ഗ്രാം | |
| 4. | പഴംപൊരി | 80ഗ്രാം | |
| 5. | ഇലയട | 80ഗ്രാം | |
| 6. | സമൂസ | 80ഗ്രാം | |
| 7. | ഉള്ളിവട | 80ഗ്രാം | |
| 8. | പരിപ്പുവട | 80ഗ്രാം | |
| 9. | ഉഴുന്നുവട | 80ഗ്രാം | |
| 10. | ദോശ/ഇഡ്ഡലി/പുട്ട്/ഇടിയപ്പം/ അപ്പം | 100ഗ്രാം | |
| 11. | ചപ്പാത്തി | 80ഗ്രാം | |
| 12. | മസാലക്കറി | - | |
| 13. | മുട്ടഓംലെറ്റ് | - | |
| 14. | പൊറോട്ട | 100ഗ്രാം | |
| 15. | ഊൺ:<br>ഒഴിച്ചുകറി/സാംബാർ<br>മീൻകറി<br>തോരൻ<br>പപ്പടം<br>മോര്/രസം | - | മൊത്തംനിരക്ക് കാണിക്കണം |

ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ കേരളസർക്കാരിന്റെ 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ ഉടമ്പടി ഒടുക്കേണ്ടതും കാന്റീൻ യഥാസമയം തുറന്നു പ്രവർത്തിക്കേണ്ടതുമാണ്. മുദ്രവെച്ച കവറിൽ അടക്കംചെയ്ത ക്വട്ടേഷൻ 2020 ജൂലൈ 6 ന് 2.30 P.M വരെ കോളേജ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. പ്രിൻസിപ്പാളിന്റെ മേൽവിലാസം എഴുതിയ കവറിനു പുറത്ത്" 2020- 21 വര്ഷം കാന്റീൻ നടത്തുന്നതിനുള്ള ക്വട്ടേഷൻ" എന്ന് എഴുതിയിരിക്കണം. താമസിച്ച് ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.ക്വട്ടേഷനുകൾ അന്നേദിവസം (06/07/2020) ഉച്ചയ്ക്ക് ശേഷം 3 P.M മണിക്ക് സന്നിഹിതാരായിരിക്കുന്ന ക്വട്ടേഷൻകരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തിയിരിക്കുന്നവരുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് സമ്മതിക്കുന്ന ആളിന്റെ/യൂണിറ്റിന്റെ പേരിൽ സ്ഥിരപ്പെടുത്തുന്നതുമാണ്. എങ്കിലും ഒരുകാരണവും പറയാതെ തന്നെ ക്വട്ടേഷനുകൾ നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും .

**പകർപ്പ്:**

1.ജില്ലാ ഇൻഫർമേഷൻ ഓഫീസർ കാസറഗോഡ്

2.കോളേജ് നോട്ടീസ് ബോർഡ്

3.വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്

4.എളേരിത്തട്ട്,കോട്ടമല പോസ്റ്റോഫീസ്

5.വെസ്റ്റ് എളേരി സർവീസ് സഹകരണ ബാങ്ക്

6.വെസ്റ്റ് എളേരി വില്ലജ് ഓഫീസ്

7.സ്റ്റോക്ക് ഫയൽ

# Approval Valid

Digitally Approved By

Dr. Solji K Thomas

Date: 22.06.2020

Reason: Approved